**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1794** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.അർ.ടി.സി. യുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീമതി കാനത്തിൽ ജമീല | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന കെ.എസ്.അർ.ടി.സി. യെ പുനരുദ്ധരിക്കാനുള്ള ശ്രമം നടക്കുമ്പോൾ കോവിഡ് സൃഷ്ടിച്ച ആഘാതം സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എപ്രകാരം ബാധിച്ചെന്ന് വ്യക്തമാക്കാമോ; | (എ) | പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ സമ്പൂർണ്ണ പുനരുദ്ധാരണം നടപ്പിലാക്കുകയുണ്ടായി. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി. യുടെ ബസ്സ് സർവ്വീസുകൾ പുനഃക്രമീകരിച്ചു വഴി കോവിഡിന് മുമ്പ് പ്രതിദിന വരുമാനം 6.30 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നു. പ്രതിദിന വരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ 2018 ഫെബ്രുവരിയിൽ സർക്കാർ മുൻകൈയ്യെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നു. പുനരുദ്ധാരണത്തിന്റെ ഭാഗമായി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശ നിരക്കിലും, കുറഞ്ഞ തിരിച്ചടവ് കാലയളവിലും അന്നുവരെ എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ചുവഴി വായ്പ തിരിച്ചടവ് ചെലവ് കുറയ്ക്കാൻ സാധിച്ചിരുന്നു. ജീവനക്കാർക്ക് കുടിശ്ശികയുണ്ടായിരുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ ചെറിയ ഭാഗവും കുടിശ്ശിക ക്ഷാമബത്തയിൽ നിന്നും 8% ക്ഷാമബത്തയും 2018 മുതൽ വിതരണം ചെയ്യാൻ കഴിയുന്ന സ്ഥിതിയിലേക്ക് കോർപ്പറേഷൻ എത്തിയ സാഹചര്യത്തിലാണ് കോവിഡ് മഹാമാരി യെ തുടർന്നുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധി ഉടലെടുക്കുന്നത്. ഇതേ തുടർന്ന് ജീവനക്കാരുടെ ശമ്പളം, പെൻഷൻ, കൺസോർഷ്യം വായ്പയുടെ പ്രതിദിന തിരിച്ചടവ് എന്നിവയെല്ലാം മുടങ്ങുന്ന സാഹചര്യം സംജാതമാവുകയുണ്ടായി. ടി |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ 2020 മാർച്ച് മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെ പൂർണ്ണമായും, 2021 ഒക്ടോബർ മാസം മുതൽ നാളിതുവരെ ഭാഗികമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് ജീവനക്കാരുടെ ശമ്പള വിതരണം നടത്തുന്നത്. കോവിഡിനെ തുടർന്ന് പ്രതിദിന വരുമാനത്തിൽ ഇടിവുണ്ടാകുകയും, കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് മുടങ്ങുകയും ചെയ്ത സാഹചര്യമുണ്ടായി. തദവസരത്തിൽ ബാങ്കിൽ നിന്നുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി സർക്കാർ ടി വായ്പ തിരിച്ചടവിനത്തിൽ 360 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് - 19 മഹാമാരി കാരണം പ്രഖ്യാപിച്ച ലോക്ഡൗണും തുടർന്നും ഏർപ്പെടുത്തി വന്നിരുന്ന നിയന്ത്രണങ്ങളും മൂലം ലൈസൻസ് ഫീ ഇനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ലൈസൻസി ഒഴിഞ്ഞ് പോകുന്ന കടകൾക്ക് പുതിയ ലൈസൻസിയെ കണ്ടെത്തുന്നതിന് ലേലം / ടെണ്ടർ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ ബിസിനസ് കുറവായതിനാൽ ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ എണ്ണം താരതമ്യേന വളരെ കുറവാണ്. ഇത് ടിക്കറ്റിതര വരുമാനത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | ഉപയോഗ യോഗ്യമായ എത്ര ബസുകളാണ് നിലവിലുള്ളതെന്നും അവയിൽ എത്രയെണ്ണം ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ; | (ബി) | കെ.എസ്.അർ.ടി.സി.യിൽ 10.03.2022-ലെ കണക്കുപ്രകാരം വിവിധ ഡിപ്പോ / ഡിസ്ട്രിക്ട് കോമൺ പൂളിലായി 4824 ബസ്സുകൾ നിലവിലുണ്ട്. നിലവിൽ 3764 ബസ്സുകൾ വരെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (സി) | നിലവിൽ കെ.എസ്.അർ.ടി.സി. യുടെ പ്രതിമാസ ശരാശരി വരവ് ചെലവിനങ്ങൾ എത്ര വീതമെന്ന് വിശദമാക്കുമോ;ങ്ങനെ; | (സി) | 2021-2022 വർഷത്തെ ശരാശരി വരവ് 83.77 കോടി രൂപയും, ചെലവ് 141.59 കോടി രൂപയുമാണ്. |
| (ഡി) | ടിക്കറ്റ്, ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും അനാവശ്യ ചെലവുകൾ കർശനമായും നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | ഉണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് പൊതു ജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി 67-ഓളം റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുടങ്ങാൻ പദ്ധതിയിട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യും, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും ചേർന്ന് 20 തരത്തിലുള്ള ഫാസ്റ്റ് മൂവിംഗ് ലൂബ്രിക്കേറ്റുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 2 ലൂബ് ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. 116 ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോവിഡ്-19 |

| | | | | |
|---|---|---|---|---|
| | | | | മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് കെ.എസ്.ആർ.ടി.സി. യിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ